14-1-22-മാതൃഭൂമി

...ർണർ



...ഗി പദ്ധതിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കുമ്പളങ്ങി പഞ്ചായത്തിലെ ...ിതകർമ്മ സേനകൾക്കുള്ള ട്രൈസൈക്കിളുകളുടെ വിതരണം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കുന്നു. ...ഈഡൻ എംപി സമീപം.

...ട്ട് ഉപയോഗിച്ച് വാങ്ങിയ ലാപ്...ാപ്പുകളുടെ വിതരണവും ചട...ിൽ നടന്നു. ഹൈബി ഈഡ...എംപി അധ്യക്ഷത വഹിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് ലീജ തോമസ് ബാബു, ജില്ലാ പഞ്ചായത്ത് മെമ്പർ ദിപു കുഞ്ഞുകുട്ടി, ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ് ചീഫ് ജനറൽ മാനേജർ വി. സി അശോകൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി തുടങ്ങിയവർ പങ്കെടുത്തു.

പ്രവർത്തനം നിലച്ചെന്ന

കാഞ്ഞൂർ: കാഞ്ഞൂർ പഞ്ചായത്തിലെ തിരുവലംചുഴി ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം നിലച്ച മട്ടിൽ. അടിക്കടി തകരാറിലാകുന്നതിനാൽ പദ്ധതി പ്രദേശത്തെ കൃഷി ഉണങ്ങി നശിക്കുന്നതായി പരാതി. ഇവിടെയുള്ള 150 എച്ച്പി മോട്ടറിന്റെ സ്റ്റാർട്ടർ പ്രവർത്തനരഹിതമായിട്ട് മാസങ്ങൾ പിന്നിട്ടു.

പ്രാദേശിക ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ അവശ്യമായ പ്രോജക്ടുകൾ പഞ്ചായത്ത് തയാറാക്കി നൽകിയാൽ സർക്കാർ അനുമതി കൊടുക്കുന്ന സ്ഥിതി നിലവിലുള്ളപ്പോഴും പഞ്ചായത്ത് അധികൃതരുടെ അനാസ്ഥമൂലം പതിനായിരക്കണക്കിന് രൂപയുടെ കൃഷിനാശമാണ് കർഷകർ നേരിട്ടതന്ന ആരോപണമുണ്ട്.

പ്രദേശത്തെ കിണറുകളും വറ്റിത്തുടങ്ങിയതിനാൽ കുടിവെള്ള ക്ഷാമവും രൂക്ഷമാണ്. അടിയന്തരമായി ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനമാരംഭിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ലങ്കിൽ ശക്തമായ സമരപരിപാടികൾ ആരംഭിക്കുമെന്ന് കർഷക സംഘം ഭാരവാഹികളായ പി. അശോകൻ, എം.ജി. ഗോപിനാഥ്, എം.ബി. ശശിധരൻ, പി.ബി. അലി എന്നിവർ അറിയിച്ചു.

നൈപുണ്യ എക്സലൻസ് അവാർഡ്: മത്സരങ്ങൾ സംഘടിപ്പിച്ചു

കൊച്ചി: പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി നൈപുണ്യ എക്സലൻസ് അവാർഡ് സംഘടിപ്പിച്ചു.

വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ ഘട്ടങ്ങളായാണ് അവാർഡിനായുള്ള മത്സരങ്ങൾ സംഘടിപ്പിച്ചത്. കൊമേഴ്സ്, ലാംഗ്വേജ്, കംപ്യൂട്ടർ, ഹോട്ടൽ മാനേജ്മെന്റ് എന്നീ നാലു ഡിപ്പാർട്ട്മെന്റുകൾ നാല് തരത്തിലുള്ള മത്സരങ്ങൾ നടത്തി. കേരളത്തിലെ വിവിധ സ്കൂളുകളിൽനിന്നായി നൂറിലേറെ വിദ്യാർഥികൾ പങ്കെടുത്തു.

...ിയിൽ ഇന്റർവെൻഷണൽ ...ട്മെന്റ് ക്ലിനിക്

...ചൂർദ് ആശുപത്രിയിൽ ഇന്റർവൻഷണൽ പെയിൻ മാനേജ്മെന്റ് ക്ലിനിക്കിന്റെ ...ദ്ഘാടനം നിർവഹിച്ച ശേഷം മന്ത്രി പി. രാജീവ് ആശുപത്രി അധികൃതർക്കൊ...ം.

...ഷതങ്ങൾ എന്നിവയ്ക്ക് ഫലപ്ര...മായ ഉപാധി കൂടിയാണ് ഇന്റർ...ിവൻഷണൽ പെയിൻ മാനേ...ജ്മെന്റ് ക്ലിനിക്കെന്ന് അദ്ദേഹം പ...ഞ്ഞു. തിങ്കൾ, വെള്ളി ദിവസങ്ങളിൽ ഉച്ചയ്ക്ക് രണ്ടു മുതൽ വൈകിട്ട് നാലു വരെയാണ് ക്ലിനിക്കിന്റെ പ്രവർത്തനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 4121233/1234.

ഡിസ്റ്റ് യൂത്ത് ഐക്കൺ അവാർഡ് പ്രഖ്യാപിച്ചു

അങ്കമാലി: അങ്കമാലി ഡീ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (ഡിസ്റ്റ്) യിൽ നാഷണൽ യൂത്ത് ഡേ ആഘോഷങ്ങളുടെ ഭാഗമായി മാനേജ്മെന്റ് വിഭാഗം സംഘടിപ്പിച്ച യൂത്ത് ഐക്കൺ മത്സരത്തിൽ മാനേജ്മെന്റ് വിഭാഗം എംഎച്ച്ആർഎം വിദ്യാർഥി എസ്. സഞ്ജയ് വിജയിയായി. പ്രിൻസിപ്പൽ ഡോ. സി.ജെ. ഉണ്ണി വിജയിക്ക് ഡിസ്റ്റ് യൂത്ത് ഐക്കൺ പദവി നൽകി അനുമോദിച്ചു.

യൂത്ത് ഐക്കൺ കോണ്ടസ്റ്റിൽ ക്വിസ്, ടാലന്റ് ഷോ, റാമ്പ് വാക്ക്, ഇന്റർവ്യൂ എന്നീ നാലു റൗണ്ടുകളിലാണ് മത്സരങ്ങൾ നടന്നത്. യൂത്ത് ഐക്കൺ ആയി തിരഞ്ഞെടുത്ത വിജയിക്ക് ക്യാഷ് അവാർഡും സമ്മാനമായി ലഭിച്ചു.

അങ്കമാലി ഡീ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഡിസ്റ്റ്) യിൽ നാഷണൽ യൂത്ത് ഡേ ആഘോഷങ്ങളുടെ ഭാഗമായി മാനേജ്മെന്റ് വിഭാഗം സംഘടിപ്പിച്ച യൂത്ത് ഐക്കൺ മത്സരത്തിൽ വിജയിയായ എസ്. സഞ്ജയിനെ പ്രിൻസിപ്പൽ ഡോ. സി.ജെ. ഉണ്ണി അനുമോദിക്കുന്നു.

ഡിസ്റ്റ് വൈസ് പ്രിൻസിപ്പൽ ഫാ. റോബിൻ ചിറ്റുപ്പറമ്പിൽ, മാനേജ്മെന്റ് വിഭാഗം മേധാവി ഡോ. ജിയോ ബേബി, അവേക്ക് ട്രെയിനിംഗ് ഓർഗനൈസേഷന്റെ സിഇഒ വിഷ്ണു ലോന ജേക്കബ്, ഇവന്റ് കോ ഓർഡിനേറ്റർമാരായ അസി. പ്രഫ. അലക്സ് ജോയ് പാലയൂർ, അസി. പ്രഫ. എം.ജെ. കുരിയ തരകൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

വീട് കുത്തിത്തുറന്ന് കവർച്ച: മൂന്ന് പേർ അറസ്റ്റിൽ

കൊച്ചി: അമ്പലമേട് പുലയാമ്പിള്ളിമുഗളിലെ അടച്ചിട്ട വീട് കുത്തിത്തുറന്ന് മോഷണം നടത്തിയ സംഭവത്തിൽ മൂന്ന് പേർ അറസ്റ്റിൽ. പുലയാമ്പിള്ളിമുഗൾ സ്വദേശികളായ കൃഷ്ണൻ കുട്ടി (53), ദാസൻ (40), പുത്തൻകുരിശ് സ്വദേശി ഏലിയാസ് (58) എന്നിവരെയാണ് അമ്പലമേട് പോലീസ് അറസ്റ്റ് ചെയ്തത്. കോൺട്രാക്ട് ജോലിക്കായുള്ള സാധനങ്ങൾ സൂക്ഷിച്ചിരുന്ന വീട് കുത്തിത്തുറന്ന് ഇലക്ട്രിക് ഉപകരണങ്ങളടക്കം ഒന്നരലക്ഷം രൂപയുടെ സാധന...ങ്ങൾ മോഷ്ടിച്ചത്.

ദാസൻ, കൃഷ്ണൻ കുട്ടി, ഏലിയാസ്

മോഷണം: പ്രതി പിടിയിൽ

കൊച്ചി: ഇടപ്പള്ളിയിലെ പോസ്റ്റ് ഓഫീസ് കുത്തിത്തുറന്ന് കവർച്ച നടത്തിയ കേസിലെ പ്രതി പിടിയിൽ. കോട്ടയം സ്വദേശി അജിത്തി (25) നെയാണ് എളമക്കര പോലീസ് പിടികൂടിയത്. കഴിഞ്ഞ മാസം 17ന് രാത്രിയായിരുന്നു സംഭവം. പോസ്റ്റ് ഓഫീസിലെ അലമാര കുത്തിത്തുറന്ന് 99,000 രൂപ വിലവരുന്ന 11 മൊബൈൽ ഫോണുകളാണ് അയാൾ മോഷ്ടിച്ചത്.

സിൽവർലൈൻ പദ്ധതി വൻ അഴിമതിക്കുള്ള മുന്നൊരുക്കം: വി.ഡി. സതീശൻ

നെടുമ്പാശേരി: കോവിഡ്കാല വൈകുന്നേരങ്ങളിൽ വാചാലനായ മുഖ്യമന്ത്രി സിൽവർ ലൈൻ പദ്ധതിയുടെ കാര്യത്തിൽ ഒളിച്ചുകളി നടത്തുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ചെങ്ങമനാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി നേതൃത്വത്തിൽ അൻവർ സാദത്ത് എംഎൽഎ നയിച്ച ജനജാഗരൺ അഭിയാൻ പദയാത്രയുടെ സമാപന സമ്മേളനം ചെങ്ങമനാട് കവലയിൽ (പി.ടി. തോമസ് നഗർ) ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബെന്നി ബഹനാൻ എംപി മുഖ്യപ്രഭാഷണം നടത്തി. പഴയകാല കോൺഗ്രസ് പ്രവർത്തകരെ ആദരിക്കുകയും ചെയ്തു. പി.എം.എ. ഷരീഫ് ഹാജി അധ്യക്ഷത വഹിച്ചു.